**12th November 2015 / Thursday** **18th day of 90 days**

***വിശുദ്ധ യോഹന്നാൻ 5:40***

***'എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല'***

**ഒരു വിശ്വാസി തന്റെ ജീവിതത്തെ ദൈവത്തിന്റെ ഇഷ്ടത്തിനും താൽപര്യത്തിനും യോജിച്ച വിധത്തിൽ ക്രമീകരിക്കണമെങ്കിൽ ആദ്യം വേണ്ടത് മനസ്സാണ്. ആ സമർപ്പണമാണ് ദൈവത്തിന്റെ പദ്ധതികളുമായി നമ്മെ ചേർത്തു നിർത്തുന്നത്. വിശുദ്ധ കന്യകമറിയം തന്റെ ജീവിതവും ജീവനും എല്ലാം പിതാവായ ദൈവത്തിന് സമർപ്പിച്ച്, ദൈവത്തിന്റെ വാക്കുപ്പോലെ ഭവിക്കട്ടെയെന്നു പറഞ്ഞ ആ മനസ്സുപോലെ നമ്മുടെ ഓരോരുത്തരുടെയും പ്രത്യേകിച്ച് സത്യവിശ്വാസികളുടെ സമർപ്പണം ആവശ്യമാണ്. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കാനും മണവാട്ടി സഭയിലെ അംഗമായി ജീവിക്കുന്നതിനും ഈ സമർപ്പണം ആവശ്യമാണ്. ഓരോരുത്തൻ അവനവന്റെ രക്ഷയെ ലക്ഷ്യമാക്കി ജീവിതത്തെ ക്രമീകരിച്ചില്ലായെങ്കിൽ നഷ്ടമാകുന്ന ജീവനെ തിരികെ കൊണ്ടുവരാൻ യേശുക്രിസ്തുവിന്റെ രക്തത്തിന് മാത്രമേ കഴിയുകയുള്ളു. നിത്യജീവൻ പ്രാപിക്കുക അത്ര നിസ്സാരമായ കാര്യമല്ല. സമർപ്പണത്തിനുശേഷം കഷ്ടങ്ങളും പ്രയാസങ്ങളും നിറഞ്ഞ ലോകത്തിൽ, ദൈവാശ്രയത്തിലൂടെ ഓരോ കടമ്പകൾ / തടസ്സങ്ങൾ ചാടി കടന്ന് ഉള്ളിലെ യേശുവിനെ വളർത്തി, ജന്മസാഫല്യം അണഞ്ഞാൽ, വിശുദ്ധ കന്യകമറിയാമിനെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോയതു പോലെ, കർത്താവിന്റെ രണ്ടാം വരവിൽ മണവാട്ടി സഭയിലെ എല്ലാവരെയും മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെടും. അതിന് മുമ്പ് നിത്യജീവൻ പരിപൂർണ്ണമായി നാം നേടിയെടുത്ത് യേശുക്രിസ്തുവിന്റെ ഉള്ളിൽ എത്തിക്കേണം. സത്യവചനത്തിലൂടെ സഞ്ചരിച്ച് രക്ഷകന്റെ അരികിൽ എത്തി നിത്യജീവൻ ഉറപ്പാക്കി, മണവാളന്റെ വരവിനായി, കല്ല്യാണത്തിനായി ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ കാത്തിരിക്കാം. രക്ഷകന്റെ പാദത്തിലെത്തിടാൻ വഴിയും സത്യവും ജീവനും വെളിച്ചവും അപ്പവുമായ യേശുവിൽ തന്നെ ആശ്രയിക്കാം. ലോകമോഹങ്ങൾക്ക് അടിമപ്പെടാതെ, സൃഷ്ടികളിൽ ശ്രദ്ധിക്കാതെ സൃഷ്ടാവിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി തീർന്ന് ജന്മസാലഫ്യം അണയാൻ പരിശ്രമിക്കാം.**